# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T-2386** **19.06.2013-ലെ മറുപടിക്ക്**

**മാനേജ്മെന്റുകൾക്ക് പ്രവേശനം നടത്താവുന്ന സീറ്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ഈ വർഷം വിദ്യാർത്ഥി പ്രവേശനം നടത്താവുന്ന എം.ബി.ബി.എസ്./ ബി.ഡി.എസ്. കോഴ്സുകളുടെ മൊത്തം സീറ്റുകൾ എത്ര ; | (എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിൽ 1400 സീറ്റുകളും, ഡെന്റൽ കോളേജിൽ 1150 സീറ്റുകളും ലഭ്യമാണ്. |
| (ബി) ഇതിൽ ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മൊത്തം എം.ബി.ബി.എസ്./ബി.ഡി.എസ്. സീറ്റുകൾ എത്ര ; | (ബി) 2013-14 വർഷത്തിൽ സർക്കാരുമായി കരാറിലേർപ്പെട്ട് സർക്കാർ ഉത്തരവായതിന്റെ വെളിച്ചത്തിൽ 8 മെഡിക്കൽ കോളേജിൽ 2 മെഡിക്കൽ കോളേജുകൾക്ക് മാത്രമേ ന്യൂനപക്ഷ പദവിയുള്ളൂ. അവയിൽ എം.ബി.ബി.എസ്. കോഴ്സിന് ആകെ 200 സീറ്റുകൾ ലഭ്യമാണ്. 2013-14 വർഷത്തിൽ സർക്കാരുമായി കരാറിലേർപ്പെട്ട് സർക്കാർ ഉത്തരവായതിന്റെ വെളിച്ചത്തിൽ ന്യൂനപക്ഷ പദവി ഉള്ള 11 ഡെന്റൽ കോളേജുകളിലായി 710 ബി.ഡി.എസ്. സീറ്റുകൾ ലഭ്യമാണ്. |
| (സി) സർക്കാർ തീരുമാനം അനുസരിച്ച് ഏതെല്ലാം തരത്തിലുള്ള ഏതെല്ലാം മാനേജ്മെന്റുകൾ ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റ് വീതം സർക്കാരിന് മെരിറ്റിൽ പ്രവേശനം നടത്തുന്നതിന് വിട്ടുകിട്ടേണ്ടതായിട്ടുണ്ട് ; മാനേജ്മെന്റുകൾക്ക് പ്രവേശനം നടത്താവുന്ന സീറ്റുകളുടെ മൊത്തം എണ്ണം കോഴ്സ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ; | (സി) കഴിഞ്ഞ വർഷം സർക്കാരുമായി കരാറിലേർപ്പെട്ടിട്ടുള്ള എല്ലാ സ്വകാര്യ സ്വാശ്രയ കോളേജുകളിലെയും 50 ശതമാനം സീറ്റുകൾ മെരിറ്റിൽ പ്രവേശനം നടത്തുന്നതിനായി സർക്കാരിന് വിട്ട് നൽകിയിട്ടുണ്ട്. (മെഡിക്കൽ-700, ഡെന്റൽ-575) ബാക്കി 50 ശതമാനം സീറ്റുകൾ മാനേജ്മെന്റിന് പ്രവേശനം നടത്താവുന്നതാണ്. ഈ വർഷത്തെ അലോട്ട്മെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം ഉണ്ടായിട്ടില്ല. |

**(P.T.O.)**

(ഡി) മാനേജ്മെന്റുകൾക്ക് ഈടാക്കാവുന്ന ഫീസ് നിരക്ക് കോഴ്സുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

(ഡി) കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള 8 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2013-14 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ ഒപ്പുവച്ച കരാർ അനുസരിച്ച് സർക്കാർ അലോട്ട് ചെയ്യുന്ന സീറ്റുകളിലേക്ക് എം.ബി.ബി.എസ്. കോഴ്സിന് 1,65,000 രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. മാനേജ്മെന്റ് പ്രവേശനം നടത്തുന്ന എൻ.ആർ.ഐ. സീറ്റ് ഒഴികെ ബാക്കിയുള്ള സീറ്റുകൾക്ക് 7,00,000 രൂപയും, പലിശ രഹിത ഡെപ്പോസിറ്റായി 5,00,000 രൂപയും ഫീസായി നിശ്ചയിച്ചിട്ടുണ്ട്. എൻ.ആർ.ഐ. സീറ്റുകൾക്ക് 10,50,000 രൂപ വാർഷിക ഫീസ്സായി നിശ്ചയിച്ചിട്ടുണ്ട്. ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിൽ 2013-14 വർഷത്തിൽ എം.ബി.ബി.എസ്. കോഴ്സിന് സർക്കാർ മെരിറ്റിൽ 4,00,000 രൂപയും എൻ.ആർ.ഐ. വിഭാഗത്തിന് 9,00,000 രൂപയും വാർഷിക ഫീസ്സായി നിശ്ചയിച്ചിട്ടുണ്ട്. 2013-14 അദ്ധ്യയന വർഷത്തെ സ്വാശ്രയ പ്രവേശനവുമായി ബന്ധപ്പെട്ട് ആൾ കേരള സെൽഫ് ഫിനാൻസ് ദന്തൽ കോളേജ് മാനേജ്മെന്റ് കൺസോർഷ്യവുമായി സർക്കാർ ഒപ്പുവച്ച കരാർ അനുസരിച്ച് സർക്കാർ അലോട്ട് ചെയ്യുന്ന സീറ്റുകളിലേക്ക് ബി.ഡി.എസ്. കോഴ്സിന് 1,50,000 രൂപ വാർഷിക ഫീസ്സായി നിശ്ചയിച്ചിട്ടുണ്ട്. മാനേജ് മെന്റ് പ്രവേശനം നടത്തുന്ന സീറ്റുകളിലേക്ക് എൻ.ആർ.ഐ. സീറ്റ് ഒഴികെ ബാക്കിയുള്ള സീറ്റുകൾക്ക് 4,25,000 രൂപയും പലിശ രഹിത ഡെപ്പോസിറ്റായി 3,00,000 രൂപയും ഫീസായി നിശ്ചയിച്ചിട്ടുണ്ട്. എൻ.ആർ.ഐ. സീറ്റുകൾക്ക് 5,00,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അലോട്ട് ചെയ്യുന്ന എം.ബി.ബി.എസ്. സീറ്റിൽ കുറഞ്ഞ വരുമാനക്കാർക്ക് 14 ശതമാനം സീറ്റിലേക്കും (7 സീറ്റ്) എസ്.ഇ.ബി.സി . വിഭാഗത്തിന് അർഹതയുള്ള 26 ശതമാനം സീറ്റിലേക്കും (13 സീറ്റ്) 25,000 രൂപ ഫീസായി നിശ്ചയിച്ച് ഇളവ് നൽകിയിട്ടുണ്ട്. സർക്കാർ അലോട്ട് ചെയ്യുന്ന ബി.ഡി.എസ്.

**(P.T.O.)**

സീറ്റിൽ കുറഞ്ഞ വരുമാനക്കാർക്ക്
14 ശതമാനം സീറ്റിലേക്ക് 23,000 രൂപയും
എസ്.ഇ.ബി.സി . വിഭാഗത്തിന് 44,000
രൂപയും ഫീസായി നിശ്ചയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ